(ബി) 2004-ലെ വരൾച്ചാ ദുരിതാശ്വാസമായി 106 കോടി രൂപയും സുനാമി ദുരിതാശ്വാസമായി 100 കോടി രൂപയും കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിട്ടുണ്ട്.

വരൾച്ചാ ദുരിതാശ്വാസത്തിനായി 2004-2005 സാമ്പത്തിക വർഷം 67.02 കോടി രൂപ ചെലവഴിച്ചു. നടപ്പു സാമ്പത്തിക വർഷം ഇതുവരെ 22.10 കോടി രൂപ ഈ ഇനത്തിൽ ജില്ലാ കളക്ടർമാർക്ക് അനുവദിച്ചിട്ടുണ്ട്.

സുനാമി ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി 2004-2005 സാമ്പത്തിക വർഷം 58.14 കോടി രൂപ ചെലവഴിച്ചു. നടപ്പു സാമ്പത്തിക വർഷം ഇതുവരെ 23.64 കോടി രൂപ ഈ ആവശ്യത്തിനായി അനുവദിച്ചിട്ടുണ്ട്.

അനിത പരിശ ഈടാക്കുന്ന സ്ഥാപനങ്ങൾക്കും വ്യക്തികൾക്കുമെതിരെ നടപടി

6 [1836] *ശ്രീ. പിരപ്പൻകോട് മുരളി:*
" *പി. ജയരാജൻ:*
" *വി. ചെന്താമരാക്ഷൻ:*
" *ടി. കെ. ദേവകുമാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അനധികൃതമായി പ്രവർത്തിക്കുന്ന പണമിടപാട് സ്ഥാപനങ്ങൾ അനിത പലിശ ഈടാക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരം സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഇതിനായി കേരള മണിലെൻഡേഴ്സ് ആക്ടിൽ ഭേദഗതി വരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന പണമിടപാട് സ്ഥാപനങ്ങൾ അംഗീകൃത നിരക്കിനേക്കാൾ കൂടുതൽ പലിശ ഈടാക്കിയത് സംബന്ധിച്ച് കഴിഞ്ഞ അസംബ്ലി സമ്മേളനത്തിനുശേഷം എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്;

(ഇ) അനിത പലിശ ഈടാക്കുന്ന സ്ഥാപനങ്ങൾക്കും വ്യക്തികൾക്കുമെതിരെ 24 മണിക്കൂറിനകം നടപടി സ്വീകരിക്കുമെന്ന സർക്കാർ പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ എത്ര കേസ്സുകളിൽ നടപടി എടുത്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) അനധികൃത പണമിടപാട് സ്ഥാപനങ്ങളെക്കുറിച്ച് ലഭിച്ച പരാതികൾ ഇൻസ്പെക്ടിംഗ് അസിസ്റ്റന്റ് കമ്മീഷണർ തലത്തിൽ അന്വേഷണം നടത്തുകയും ആന്റിബ്ലൂഡ്മാഹിയ സ്കാഡിന് ശുപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്.

(സി) മണിലെന്റിംഗ് നിയമത്തിന്റെ കീഴിൽ വരുന്ന രജിസ്റ്റേർഡ് പണമിടപാടുകാർ പലിശ ഈടാക്കുന്നത് നിയന്ത്രിക്കുവാൻ 1958-ലെ മണിലെന്റിംഗ് നിയമത്തിൽ വ്യവസ്ഥകളുണ്ട്.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) അമിത പലിശ ഈടാക്കുന്ന സ്ഥാപനങ്ങൾക്കും വ്യക്തികൾക്കുമെതിരെ ലഭിക്കുന്ന പരാതികളിൻമേൽ വാണിജ്യ നികുതി വകുപ്പ് താമസംവിനാ നടപടികൾ സ്വീകരിക്കാറുണ്ട്.

കഴിഞ്ഞ നാലു വർഷങ്ങളിലെ സെയിൽസ് ടാക്സ് വരുമാനം

7 [1837] *ശ്രീ. പെർക്കളം അബ്ദുള്ള:*
,, പി. കെ. കെ. ബാവ:
,, സി. മോയിൻകുട്ടി:
,, കെ. എൻ. എ. ഖാദർ:
,, ഇസ്മായിൽ കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ നാല് വർഷങ്ങളിലെ സെയിൽസ് ടാക്സ് വരുമാനം എത്രയാണ്;

(ബി) ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(സി) ഓരോ വർഷങ്ങളിലേയും തുക വ്യക്തമാക്കുമോ;

(ഡി) കഴിഞ്ഞ നാല് വർഷത്തെ സെയിൽസ് ടാക്സ് കുടിശ്ശിക എത്രയാണ്;

(ഇ) കുടിശ്ശിക പിരിച്ചെടുക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 22,662.55 കോടി രൂപ.

(ബി) ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം 1-ൽ ചേർത്തിരിക്കുന്നു.†

(സി) ഓരോ വർഷങ്ങളിലേയും ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം 2-ൽ ചേർത്തിരിക്കുന്നു.†

† അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly